# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3757 | 17.12.2015-ൽ മറുപടിയ്ക്ക്

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

**ചോദ്യം**

ശ്രീമതി.കെ.എസ്.സലീഖ

(എ) നടപ്പ് വർഷം ഇതുവരെ പെൺവാണിഭം , പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം എന്നിവ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും, ഏതെല്ലാം കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ആഭ്യന്തര വകുപ്പും സർക്കാർ രൂപീകരിച്ച പ്രത്യേക പോലീസ് സംഘവും ഓപ്പറേഷൻ ബിഗ് ഡാഡി വഴി രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയെന്നും അതിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റുചെയ്തുവെന്നും അറിയിക്കുമോ; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) നടപ്പ് വർഷം (2015) ഇതുവരെ പെൺവാണിഭം സംബന്ധിച്ച് 9 കേസുകളും, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം സംബന്ധിച്ച് 674 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏതെല്ലാം കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തു എന്നുള്ള വിവരം ഇതോടൊപ്പം **അനുബന്ധമായി** ചേർത്തിരിക്കുന്നു.

(ബി) ഓപ്പറേഷൻ ബിഗ് ഡാഡി എന്ന പ്രത്യേക പദ്ധതി വഴി 4 കേസുകൾ തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. Cr.No.29/2015:- u/s 67,67B(b)(c) (d),.66c of Information Technology Act-2000 & Sec.13 r/w 14(1) of The Protectionof Children from Sexual Offences Act, 2012 and 370(1) & 34 of IPC പ്രകാരം ഇതുവരെ 14 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.
2. Cr.No.32/2015:- u/s 5(A)(a)(b)(c) of Immoral Traffic (Prevention) Act-1956, Sec 67 of Information Technology Act-2000 and Sec.370(1)&34 of IPC ഈ കേസ്സിലിതുവവരെ 10 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.
3. Cr.No.34/2015 :- u/s 366 A, 370(1),120(B), 212&34 of IPC and Sec.66C & 67 of Information Technology Act-2000 and sec.13(b)(c) r/w 14 of

The Protection of Children from Sexual Offences Act, 2012 and Sec 4(1), (2), (a), (b), (c), 5(a), (b), (c), 5 A(a), (b), (c) of the Immoral Traffic (Prevention) Act, 1956.

ഈ കേസ്സിൽ ഇതുവരെ 10 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

4. Cr.No.36/2015 :- u/s 67 A of Information Technology Act 2000 and 370, 376, 384, 120 B and 34 of IPC

ഈ കേസ്സിൽ ഇതുവരെ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതു തടയുവാനും കുറ്റക്കാരെ കണ്ടെത്താനും എന്തെല്ലാം സംവിധാനങ്ങളുണ്ടെന്നും അവ ഇത്തരം കുറ്റകൃത്യങ്ങൾ തടയുവാൻ ഫലപ്രദമാണോ എന്നും അല്ലെങ്കിൽ ഫലപ്രദമാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

(സി) പ്രസ്തുത സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതു തടയുവാനും കുറ്റക്കാരെ കണ്ടെത്താനും സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് നിരീക്ഷിക്കുന്നതിനായി ജില്ലകൾ തോറും സൈബർ സെല്ലുകളും തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനും പ്രവർത്തിച്ച് വരുന്നുണ്ട്. പൊതുജനങ്ങൾക്കും, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തിയും, എക്സിബിഷനുകളിലൂടെയും പൊതുജനങ്ങൾക്ക് സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകി വരുന്നു. കൂടാതെ ഇത്തരം നിയമ വിരുദ്ധ പ്രവർത്തനം ചെയ്യുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ